LIBRARY ARCHIVES Kerala Legislative Assembly

(7) പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ശ്രീ. പി. ബാലചന്ദ്രൻ: സർ, തൃശ്ശൂരിലെ അധഃസ്ഥിത ജനവിഭാഗത്തിന്റെ നേതാവും സാമൂഹ്യനീതിയോടൊപ്പം സാമ്പത്തിക നീതിയും അവർക്ക് വേണമെന്നുള്ളതുകൊണ്ട് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവുമായിത്തീർന്ന കേരള പുലയ മഹാസഭയുടെ സ്ഥാപക നേതാക്കന്മാരിലൊരാളായ പി. കെ. ചാത്തൻ മാസ്റ്ററുടെ നാമധേയത്തിലുള്ള ഒരു അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി തൃശ്ശൂരിൽ സ്ഥലം വിട്ടുകൊടുക്കുകയും അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. അദ്ദേഹം 1954-ൽ പൊറത്തിശ്ശേരി പഞ്ചായത്ത് പ്രസിഡന്റും 1957-ൽ ചാലക്കുടിയിൽനിന്നും വിജയിച്ച് കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയായ ഇ.എം.എസ്. മന്ത്രിസഭയിലെ ഹരിജന ക്ഷേമവകുപ്പിന്റെയും പഞ്ചായത്തിന്റെയും ചുമതലയുള്ള മന്ത്രിയുമായിരുന്നു. നവോത്ഥാന കേരള മൂല്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ കേരളത്തെ നയിച്ച ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കൂട്ടംകൂളം സമരത്തിലും പാലിയം സമരത്തിലുമൊക്കെ നേതൃത്വം വഹിച്ച സഖാവ് ചാത്തൻ മാസ്റ്ററുടെ പേരിലുള്ള ഈ മന്ദിരം പണികഴിപ്പിക്കാൻ എന്തുകൊണ്ടാണ് ഇത്രകാലമായിട്ടും സാധിക്കാതിരുന്നത്? സഖാവ് വി. എസ്. അച്ചുതാനന്ദൻ മന്ത്രിസഭയുടെ കാലത്ത് റവന്യൂ വകുപ്പുമന്ത്രിയായി സഖാവ് കെ. പി. രാജേന്ദ്രനും ഹരിജന ക്ഷേമവകുപ്പിന്റെ മന്ത്രിയായി ശ്രീ. എ. കെ. ബാലനും ചുമതലയിലുണ്ടായിരുന്നപ്പോഴാണ് ഉദ്ദേശം 20 കോടിയോളം രൂപ ഈ കെട്ടിടത്തിനായി നീക്കിവച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഒരേക്കറിലധികം ഭൂമി പൂത്തോളിൽ ഇതിനുവേണ്ടി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുണ്ടായ കാലതാമസം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട തൃശ്ശൂർ അംഗം പി. ബാലചന്ദ്രൻ ഇവിടെ ഉന്നയിച്ച സബ്മിഷൻ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പൂത്തോൾ ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പെൺകുട്ടികൾക്ക് ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ സബ്മിഷൻ. ഇതുസംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കുകയും 17-12-2018-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ ഈ തീരുമാനം അംഗീകരിക്കുകയും ചെയ്തിരുന്നു. നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഈ ഹോസ്റ്റൽ പണിയണമെന്നാണ് അന്ന് തീരുമാനമെടുത്തത്. അതിന് മുന്നോടിയായി നാല് കോടിയോളം രൂപ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകുകയും ചെയ്തു. 'ബാബു ജഗ്ജീവൻറാം ഛത്രാവാസ് യോജന' എന്ന പദ്ധതിയിലാണ് ഈ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിച്ചത്. പക്ഷെ നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് പണം അനുവദിച്ചാലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുൻപ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കണം. അങ്ങനെ പണി ആരംഭിക്കുന്നതിനുമുൻപ് അനുവാദം കിട്ടിയില്ലെങ്കിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കില്ല. കേന്ദ്രാനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റ് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും തുക ലഭിക്കില്ലെന്നുള്ളതുകൊണ്ട് കേന്ദ്രാനുമതി ലഭിച്ചാലുടൻ പെൺകുട്ടികൾക്ക് വേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും. പി. കെ. ചാത്തൻമാസ്റ്റർ വലിയൊരു സാമൂഹിക പരിഷ്കർത്താവും നമ്മുടെ നാടിന്റെ മുന്നോട്ടുപോക്കിൽ വലിയ സംഭാവന ചെയ്ത മഹാനായ ഒരു കമ്മ്യൂണിസ്റ്റുകാരനുമാണ്. അദ്ദേഹത്തിന്റെ പേര് ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടിയാണ് തൃശ്ശൂർ പൂത്തോളിൽ ഒരേക്കർ സ്ഥലം മുൻ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചത്. ആ സ്ഥലത്താണ് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട അംഗം ഇവിടെ 'ഹരിജനക്ഷേമ വകുപ്പ്' എന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ പറയാൻ പാടില്ലെന്ന് നമ്മൾ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളുടെയും ശ്രദ്ധയിൽവരാനാണ് ഞാനിത് പറയുന്നത്.

(8) ബീനാച്ചി-പനമരം റോഡ് നിർമ്മാണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അടിയന്തര പ്രാധാന്യമുള്ളതും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നേരിട്ട് അറിയാവുന്നതും അദ്ദേഹം സന്ദർശിച്ചതുമായ ബീനാച്ചി-പനമരം പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണത്തെക്കുറിച്ചുള്ള ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. കിഫ്ബിയിലൂടെ 54.4 കോടി രൂപ അനുവദിച്ച് 2018-19-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത റോഡിന്റെ പ്രവൃത്തി തമിഴ്നാട്ടിലുള്ള ആർ.എസ്. ഡെവലപ്മെന്റ് ആൻഡ് കൺസ്ട്രക്ഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന